# INDIAN SCHOOL AL WADI AL KABIR

## FINAL EXAMINATION 2023- 24

## CLASS VIII (2nd Lang.) MALAYALAM

## മലയാളം

**Time allowed: 3 Hours** **Maximum Marks: 80**

അനുവദിച്ച സമയം: **3** മണിക്കൂർ ആകെ മാർക്ക് :80

**Date: 07-03-2024**

---

❖ **Please check this question paper contains 6 printed pages and 17 questions.**

---

**1) താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക**

ഭാഷയെ രണ്ടായി വിഭജിക്കാം . ഉത്തേജകമെന്നും വസ്തുനിഷ്ഠമെന്നും. ഒന്നാമത്തേത് കവി, എഴുത്തുകാരൻ, പ്രഭാഷകൻ എന്നിവരുടെ ഭാഷയാണ്. അത് വികാരത്തിന്റെ വർണ്ണം കലർന്നതും വിചാരപ്രധാനവുമാണ്. ആ ഭാഷയ്ക്ക് ഭാവനയെ ഉത്തേജിപ്പിക്കുവാനും, ഓർമ്മയെ ഉണർത്തുവാനും, ആത്മാഭിമാനത്തെ വികസിപ്പിക്കുവാനും, ദേശീയബോധത്തെ ഇക്കിളിപ്പെടുത്തുവാനും ശേഷിയുണ്ട്. ഷേക്സ്പിയറുടെയും, വാൽമീകിയുടെയും, ചർച്ചിലിന്റെയും, ടാഗോറിന്റെയും മറ്റും ഭാഷ ആ വിഭാഗത്തിൽപ്പെടുന്നു. ശാസ്ത്രജ്ഞന്റെയും വ്യവസായിയുടെയും മറ്റും ഭാഷയാണ് വസ്തുനിഷ്ഠമായത്. അത് വ്യാപാര വ്യവസായ ശാസ്ത്രങ്ങളുടെ മാതൃഭാഷയാണ്. വ്യവസായസ്ഥാപനത്തിന്റെ വർഷാവസാന റിപ്പോർട്ട്, ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം, ചന്ദ്രയാനെക്കുറിച്ചുള്ള 'ഐ സ് ആറോ' അദ്ധ്യക്ഷന്റെ വിവരണം , ക്യാൻസർ വൈറസ്സിനെക്കുറിച്ചുള്ള ശാസ്ത്രജ്ഞന്റെ പഠനങ്ങൾ തുങ്ങിയവ അതിൽപ്പെടുന്നു.

**ചോദ്യങ്ങൾ** **(5 x 1= 5)**

1) ഭാഷയെ എങ്ങനെ വിഭജിക്കാം?
2) കവിയുടെയും പ്രഭാഷകന്റെയും ഭാഷ എങ്ങനെയുള്ളതാണ്?
3) ഷേക്സ്പിയറുടെയും വാൽമീകിയുടെയും ഭാഷയ്ക്കുള്ള പ്രത്യേകത എന്ത്?
4) ശാസ്ത്രജ്ഞന്റെയും വ്യവസായിയുടെയും ഭാഷ ഏതു വിഭാഗത്തിൽപ്പെടുന്നു?

5) വ്യവസായസ്ഥാപനത്തിന്റെ വർഷാവസാന റിപ്പോർട്ട്, ധനകാര്യമന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗം തുങ്ങിയവ ഏതുതരം ഭാഷയ്ക്ക് ഉദാഹരണമാണ് ?

**2) താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ബ്രായ്ക്കറ്റിൽ നിന്നും ശരിയായ ഉത്തരം തിരഞ്ഞെടുത്തെഴുതുക** **(12 x ½= 6)**

1) 'പൂക്കളും ആണ്ടറുതികളും' എന്ന ലേഖനം എഴുതിയതാര്?
(പി സുരേന്ദ്രൻ, വി.ടി. ഭട്ടതിരിപ്പാട്, പി ഭാസ്കരൻ)

2) 'പാതിരാജ്യം കൈക്കലാക്കാൻ' തടസ്സമില്ലാത്തത് ആർക്ക്?
(വൈദ്യം പഠിച്ചവർക്ക്, ആയുധവിദ്യ പഠിച്ചവർക്ക്, ജ്യോതിഷശാസ്ത്രം പഠിച്ചവർക്ക്)

3) ഭാരതഭൂമി പ്രസവിച്ച കർമ്മയോഗിയായി വള്ളത്തോൾ വാഴ്ത്തുന്നതാരെ?
(ശങ്കരാചാര്യരെ, ശ്രീ നാരായണ ഗുരുവിനെ, മഹാത്മാഗാന്ധിയെ)

4) തുള്ളൽ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് ആര്?
(എഴുത്തച്ഛൻ, കുഞ്ചൻ നമ്പ്യാർ, ഉണ്ണായിവാര്യർ)

5) 'ഫീനിക്സ് പക്ഷിയെപ്പോലെ' എന്ന പ്രയോഗം സൂചിപ്പിക്കുന്നത് എന്ത്?
(സുമനസ്സുകളുടെ സഹായം, രക്ഷാപ്രവർത്തനങ്ങൾ,
പ്രളയക്കെടുതിയിൽ നിന്നുള്ള ഉയിർത്തേഴുന്നേൽപ്പ് )

6) "കുഞ്ഞേ, നിന്നെ വേദനിപ്പിച്ചു അല്ലേ?" ആരാണ് ഇങ്ങനെ പറഞ്ഞത്?
(ശ്രീബുദ്ധൻ, വൈദ്യൻ, കിളിമകൾ)

7) നമ്മുടെ സംസ്കാരത്തിൽ എന്തിനുള്ള സ്ഥാനത്തെക്കുറിച്ചാണ് വി. ടി. ഭട്ടതിരിപ്പാട് 'പൂക്കളും ആണ്ടറുതികളും' എന്ന കൃതിയിൽ നിരീക്ഷിക്കുന്നത് ?
(പൂക്കൾക്കുള്ള സ്ഥാനം , ദൈവങ്ങൾക്കുള്ള സ്ഥാനം, പ്രാർത്ഥനകൾക്കുള്ള സ്ഥാനം)

8) ശൂലാപ്പുകാവിലെ ജലാശയം നികത്തി മനുഷ്യർ എന്താണ് ചെയ്തിരുന്നത്?
(കൃഷി നടത്തിയിരുന്നു, മനോഹരമായ സൗധം പണിതിരുന്നു,
മരങ്ങൾ വച്ചു പിടിപ്പിച്ചിരുന്നു)

9) "നീറ്റിലെപ്പോളയ്ക്കു തുല്യമാം ജീവനെ-
പ്പോറ്റുവാനെത്ര ദുഃഖിക്കുന്നു!" ആരാണ് ദുഃഖിക്കുന്നത് ?
(ജ്യോതിഷർ, മാനുഷർ, വൈദ്യന്മാർ)

10) മുഹമ്മദ്നബിയുടെ ഏതു ഗുണമാണ് കവി ഗാന്ധിജിയിൽ കാണുന്നത്?
(സ്ഥൈര്യം, ദയാവായ്പ്, അഹിംസ)

11) 'മീനച്ചിലാറിൽ മഴക്കാലത്ത് പെട്ടെന്നു വെള്ളം പൊങ്ങും'. ഇതിനെ സൂചിപ്പിക്കാൻ ഉപയോഗിച്ചിരുന്ന ചൊല്ല് ഏതാണ്?
(ചെമ്മീൻ ചാടിയാൽ ചട്ടിയോളം, ആനവായിൽ അമ്പഴങ്ങ, തവള മുള്ളിയാൽ വെള്ളപ്പൊക്കം)

12) തിരുവാതിര എന്തിന്റെ പ്രതീകമാണ്?
(അധ്വാനത്തിന്റെ, സമൃദ്ധിയുടെ, സൗന്ദര്യത്തിന്റെ)

**3) അർത്ഥം എഴുതുക** **(6x ½=3)**

1) വിരാജിക്കുക
(ശോഭിക്കുക, അങ്കുരിപ്പിക്കുക, മുളയ്ക്കുക)

2) ശമം
(ശോഭ, ശസ്ത്രം, ശാന്തി)

3) മണ്ടുക
(ചമയ്ക്കുക, നിരൂപിക്കുക, ഓടുക)

4) അഭയം
(അനന്തം, ആശ്രയം, അനിവാര്യം )

5) പാദപം
(വൃക്ഷം, പർവ്വതം, ആകാശം)

6) ക്ലേശം
(ബുദ്ധിമുട്ട്, കള്ളം, തർക്കം)

**4) എതിർലിംഗം എഴുതുക** **(4x ½=2)**

1) ഗുരുനാഥൻ
(ഗുരുനാഥ, ഗുരുനാഥി, ഗുരുനഥ)

2) കവി
(കവിയിത്രി, കവയിത്രി, കവിയത്രി)

3) കർഷകൻ

(കർഷക, കർഷകി, കർഷിക)

4) സിംഹം

(സിംഹ, സിംഹി, സിംഹിക)

**5) പര്യായപദങ്ങൾ എടുത്തെഴുതുക** **(6x 1=6)**

1) പുഷ്പം

(സുമം, കുസുമം, ഗഗനം, താരം)

2) സ്വർണം

(പാണി, കാഞ്ചനം, തർഷം, കനകം)

3) യുഗം

(കല്പം, കാലം, ദശ, തോയം)

4) രാത്രി

(രജനി, ജനനി, വീഥി, നിശ)

5) ഭവനം

(ആലയം, സലിലം, വീട്, കാലം)

6) ലോകം

(ഉലകം, ഭുവനം, കടകം, കൈതവം)

**6) വിഗ്രഹിച്ചെഴുതുക** **(4x ½=2)**

1) ശുദ്ധജലം

(ശുദ്ധം എന്ന ജലം, ശുദ്ധമായ ജലം, ശുദ്ധമുള്ള ജലം)

2) പുണ്യാധ്യാപനം

(പുണ്യമായ അധ്യാപനം, പുണ്യത്തിന്റെ അധ്യാപനം, പുണ്യം പോലെയുള്ള അധ്യാപനം)

3) ഹിംസാദോഷം

(ഹിംസയുടെ ദോഷം, ഹിംസ എന്ന ദോഷം, ഹിംസ ആകുന്ന ദോഷം)

4) ദിനപത്രം

(ദിനത്തിന്റെ പത്രം, ദിനം എന്ന പത്രം, ദിവസേനയുള്ള പത്രം )

**7) പിരിച്ചെഴുതുക** **(4x ½=2)**

1) ധൃതിപ്പെട്ട്     2) വീരാരാധന

3) മടിയില്ല     4) ഓതുമാറുണ്ട്

**8) ശരിയായ പദം തിരഞ്ഞെടുത്തെഴുതുക** **(4x ½=2)**

1) വാജ്ഛരിതം , വാഞ്ഛരിതം, വാജ്ചിതം
2) സ്നേഹാധിക്യം ,സ്നേഹാതിക്യം ,സ്നേഹാദിക്യം
3) കർമ്മോമുഖർ കർമ്മോന്മുഖർ കർമ്മോത്മുകർ
4) ചിരഞ്ജീവി, ചിരജ്ഞീവി, ചിരഞ്ചീവി

**9) ചേർത്തെഴുതുക** **(4x ½=2)**

1) ലോകം+എമ്പാടും     2) സ്ഥിരം+ആയി

3) കൈ+കൂലി     4) ജല+ഉപരിതലം

**10) നാനാർത്ഥപദങ്ങൾ എഴുതുക** **(4x 1= 4)**

1) പ്രകൃതി     2) രുചി

3) മണി     4) നീര്

**11) വിപരീത പദം എഴുതുക** **(4x 1=4)**

1) ദുഷ്ടൻ     2) ശാശ്വതം

3) ഭാഗ്യം     4) വികാസം

**12) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക** **(5 x 1=5)**

1) യക്ഷിക്കഥ     2) തിരുവാതിര

3) ചൂണ്ടക്കൊളുത്ത്     4) ധർമ്മമാണ്

5) അമ്മമ്മ

**13) തെറ്റുണ്ടെങ്കിൽ തിരുത്തുക** **(2x 1=2)**

1) അരുതാത്തതെന്തോ കണ്ട് ഭയന്നു വിറയ്ക്കുന്നതു പോലെ കാട്ടുവള്ളിക്കൈകൾ കൊണ്ട് അവ തമ്മിൽ പരസ്പരം പൊത്തിപ്പിടിച്ചിരുന്നു
2) ഇവിടത്തെ കിടാങ്ങളുടെ ആദ്യത്തെ പ്രാഥമികപാഠം ആരംഭിക്കുന്നത് ഇങ്ങനെയാണ്

14) **അർത്ഥവ്യത്യാസം എഴുതുക** **(5x 1=5)**

1) വാദം-വാതം 2) യോഗം-യാഗം 3) പാദം-പദം

4) പ്രീതി-പ്രതി 5) വ്രതം-വൃതം

15) **ഇലക്ട്രിസിറ്റി ബിൽ അധികമായി വരുന്നതിനെതിരെ ചീഫ് എഞ്ചിനീയർക്ക് ഒരു പരാതിക്കത്ത് തയ്യാറാക്കുക** **(6)**

16) **ആശയം വിപുലീകരിച്ച് ഒരു ഖണ്ഡിക എഴുതുക** **(6)**

'മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാമൊരു സൗരഭ്യം'

17) **ഏതെങ്കിലും 9 ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക** **(9x 2=18)**

1) മഹാത്മാഗാന്ധിയെ കവി യോഗവിത്ത് എന്ന് വിളിക്കുന്നത് എന്തുകൊണ്ട്??
2) കണി കാണുന്നതിന് കത്തുന്ന നിലവിളക്കിനു മുമ്പിൽ പ്രദർശിപ്പിക്കുന്ന സാധനസാമഗ്രികൾ എന്തെല്ലാം?
3) നെടുംചൂരിമത്സ്യങ്ങൾ കായലിൽ നിന്ന് ശൂലാപ്പുകാവിലേക്ക് പോകാൻ തീരുമാനിച്ചത് എന്തുകൊണ്ട്? ?
4) 1946-ലെ വെള്ളപ്പൊക്കത്തെ എഴുത്തുകാരനും കുടുംബവും അതിജീവിച്ചത് എങ്ങനെ?
5) പണത്തോടുള്ള മനുഷ്യരുടെ അത്യാഗ്രഹത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ചപ്പാട് എന്ത് ?
6) മരിക്കുന്നതിനു മുൻപ് തവള കിളിക്കു നൽകിയ ഉപദേശമെന്ത്?
7) പ്രളയം പകർന്നു നൽകിയ ജീവിതപാഠം എന്ത് ?
8) ആതിരാവ്രതാനുഷ്ഠാനച്ചടങ്ങുകളുടെ ഉദ്ദേശ്യമെന്ത് ?
9) കാര്യക്കാരന്മാർക്കുള്ള ആഗ്രഹങ്ങൾ എന്തെല്ലാം ?
10) ഗാന്ധിജിയെ കാണുമ്പോൾ ആരിലെല്ലാമാണ് മാറ്റങ്ങൾ ഉണ്ടാകുന്നത് ?
11) എന്താണ് ആണ്ടറുതികൾ?

***